പതിമൂന്നാം കേരള നിയമസഭ
7-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 753 — 07/02/13-ൽ മറുപടിയ്ക്ക്

## ഫാർമസിസ്റ്റ് തസ്തികകൾ

| | ചോദ്യം<br><br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br><br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ ഡി.എച്ച്.എസിനു കീഴിലെ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നത്, ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് എന്ന് വ്യക്തമാക്കാമോ; | (എ) | 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഡി.എച്ച്.എസിനു കീഴിലെ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചിരിക്കുന്നത്. |
| (ബി) | ഇപ്പോൾ ഡി.എച്ച്.എസിനു കീഴിലെ ആശുപത്രികളിൽ പി.എച്ച്.സി, സി.എച്ച്.സി, റ്റി.എച്ച്.ക്യൂ ഹോസ്പിറ്റലുകൾ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, ജനറൽ ആശുപത്രി, സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങിയ ഇടങ്ങളിൽ ഓരോ സ്ഥലങ്ങളിലും വേണ്ട ഫാർമസിസ്റ്റുകളുടെ എണ്ണം എത്ര വീതം എന്ന് വ്യക്തമാക്കാമോ; ഇവിടങ്ങളിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്നത് എത്ര; | (ബി) | 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 75 ബെഡിന് ഒരു ഫാർമസിസ്റ്റ് എന്ന നിലയിലാണ് തസ്തിക സൃഷ്ടിക്കേണ്ടത്. കൂടാതെ ആവറേജ് ഒ.പി 300-ൽ കൂടുകയാണെങ്കിൽ 200 ബെഡിന് ഒരു ഫാർമസിസ്റ്റ് വീതം അധിക തസ്തിക സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. 06/11/2008-ലെ ജി.ഒ(എംഎസ്)568/ എച്ച് & എഫ്.ഡബ്ള്യു.ഡി പ്രകാരം വേണ്ട ഫാർമസിസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>പി.എച്ച്.സി 1<br>പി.എച്ച്.സി(24 മണിക്കൂർ ഡ്യൂട്ടി) 2<br>സി.എച്ച്.സി 2<br>റ്റി.എച്ച്.ക്യൂ.എച്ച്., ജനറൽ ആശുപത്രി, സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ ഫാർമസിസ്റ്റുകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഡി.എച്ച്.എസിൽ നിന്നും പുതിയതായി തസ്തിക അനുവദിക്കുന്നതിനായി നൽകിയ പ്രൊപ്പോസലിൽ ഫാർമസിസ്റ്റ് തസ്തിക മാത്രം അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 26-11-2012-ലെ ജി.ഒ(എം.എസ്) നം.394/12/എച്ച്&എഫ്ഡബ്ള്യൂ.ഡി പ്രകാരം ടി.എച്ച്.ക്യൂ ചങ്ങനാശ്ശേരിയിൽ ഒരു ഫാർമസിസ്റ്റിന്റെയും 28-05-2012-ലെ |

| | | | |
|---|---|---|---|
| | | | ജി.ഒ(എം.എസ്)149/12/എച്ച്&എഫ്ഡബ്ല്യൂ.ഡി പ്രകാരം പാല ജനറൽ ആശുപത്രയിൽ 2 ഫാർമസിസ്റ്റിനെയും, 04-01-2012-ലെ ജി.ഒ(എം.എസ്)260/12/എച്ച്&എഫ്ഡബ്ല്യൂ.ഡി പ്രകാരം സി.എച്ച്.സി പളളിക്കലിൽ 1 ഫാർമസിസ്റ്റിന്റെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | ഐ.പി ഉളള ആശുപത്രികളിലെല്ലാം, കുറഞ്ഞത് മൂന്ന് ഫാർമസിസ്റ്റ് തസ്തിക എങ്കിലും അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.